DESPATCHED
On..20/12/21...
17/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
## E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1516(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 13774/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2021 ഡിസംബർ 17**

ശ്രീ. ജയചന്ദ്രൻ എസ്.എസ്.,
പ്രീത ഭവൻ,
ശാസ്താംകോണം, കീഴാറൂർ പി.ഒ.,
പിൻ – 695 124.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
വെള്ളറട പോലീസ് സ്റ്റേഷൻ,
വെള്ളറട പി.ഒ., തിരുവനന്തപുരം.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെയ്യാറ്റിൻകര, തിരുവനന്തപുരം.
3) അപ്പീൽ അധികാരി &
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെയ്യാറ്റിൻകര, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 14/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19/4/2021, 20/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 07/05/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 23/07/2021, 26/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 27/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 17/12/2021 -(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി – ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജയചന്ദ്രൻ എസ്.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് വെള്ളറട സർക്കിൾ ഓഫീസിലെ സർക്കിൾ

ഇൻസ്പെക്ടർ ശ്രീ.ജെ.മോഹൻദാസിന്റെ 5.11.2013 – 12.2.2014 കാലയളവിലെ ഡേ-നോട്ടിന്റെ പകർപ്പുകളാണെന്നും ടി പകർപ്പുകൾ എതിർകക്ഷികൾ നൽകിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്നുമാണ്.

2. 14/02/2021 തീയതി നെയ്യാറ്റിൻകര റൂറൽ ഡി.വൈ.എസ്.പി. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, വെള്ളറട സർക്കിൾ ഓഫീസിലെ സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജെ.മോഹൻദാസിന്റെ 5.11.2013 – 12.2.2014 കാലയളവിലെ ഡേ-നോട്ട് റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ. 19.4.2021-ന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ/പകർപ്പുകൾ വെള്ളറട പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്നും ആയതിനാൽ ടി വിവരങ്ങൾ നേരിട്ട് ലഭിക്കുന്നതിന് വിവരാവകാശ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം വെള്ളറട പോലീസ് സ്റ്റേഷൻ ഐ.എസ്.എച്ച്.ഒ.യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്. തുടർന്ന് 20.4.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സൂക്ഷിച്ചിരുന്ന സർക്കിൾ ആഫീസ് ഇപ്പോൾ നിലവിലില്ലെന്നും രേഖകൾ വെള്ളറട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടില്ലായെന്നും ആയത് മേലധികാരികൾക്ക് അയച്ചു കൊടുത്തിട്ടുള്ളതായതിനാൽ ആയവകളുടെ പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ലെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 07.05.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് മൂന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ടി ഓഫീസിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നേരിട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത അപേക്ഷ വെള്ളറട പോലീസ് സ്റ്റേഷൻ ഐ.എസ്.എച്ച്.ഒ.യ്ക്ക് അയച്ചു നൽകിയിരുന്നതാണെന്നും ആയതിന് ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ നൽകിയ മറുപടിയിൽ ആക്ഷേപമുന്നയിച്ചാണ് അപ്പീൽ സമർപ്പിച്ചിരുന്നതെന്നും ടി അപ്പീലിന്മേൽ വെള്ളറട പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ മറുപടി ഹാജരാക്കിയിട്ടുള്ളതാണെന്നും കോവിഡുമായി ബന്ധപ്പെട്ട ഡ്യൂട്ടി കാരണമാണ് മറുപടി ലഭ്യമാക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളതെന്നും ടി മറുപടി ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് വെള്ളറട പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു എന്നും

ആയതിനാൽ വെള്ളറട പോലീസ് ആഫീസിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നും തുടർന്ന് ടി ഓഫീസിൽ നിന്നും ഹർജിക്കാരന് യഥാസമയം മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നും, ഒന്നാം എതിർകക്ഷി അപേക്ഷകന് ലഭ്യമാക്കിയ മറുപടിയിൽ ആക്ഷേപമുന്നയിച്ചാണ് അപ്പീൽ ടി ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതെന്നും ആയത് പരിശോധിച്ച് ഒന്നാം എതിർകക്ഷിയിൽ നിന്നും വിശദീകരണം വാങ്ങി ടി വിശദീകരണവും ഉൾപ്പെടുത്തി അപ്പീൽ ഹർജിക്കാരന് 18.6.2021 തീയതി മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട നൽകുവാൻ ബാക്കി നിൽപ്പുള്ള വിവരം ഒന്നാം എതിർകക്ഷി 31.12.2021–നകം ഹർജിക്കാരന് ലഭ്യമാക്കണമെന്നും അതുപോലെ തന്നെ തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിൽ നിന്നും ലഭിക്കേണ്ട വിവരത്തിനായി ഈ ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം അയച്ചു കൊടുക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരൻ 14.2.2021–ന് ലഭ്യമാക്കിയ വിവരാവകാശ അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം രണ്ടാം എതിർകക്ഷി വിവരാവകാശ നിയമം 6(3) പ്രകാരം ഒന്നാം എതിർകക്ഷിക്ക് കൈമാറേണ്ടിയിരുന്നതാണെന്നിരിക്കെ ആയത് 19.4.2021–ന് മാത്രമാണ് കൈമാറിയതായി കാണുന്നത്. ആയത് വിവരാവകാശ നിയമം 6(3), 7(1) എന്നീ വകുപ്പുകളുടെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 31.12.2021–നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

8. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം തിരുവനന്തപുരം റൂറൽ എ.ആർ.ക്യാമ്പിലെ എസ്.പി.ഐ.ഒ.യ്ക്ക് ലഭ്യമാക്കാൻ കഴിയുന്നതായിരുന്നു എന്ന് ഒന്നാം എതിർകക്ഷിക്ക് അറിയാമായിരുന്നിട്ടും ടി അപേക്ഷ വിവരാവകാശ നിയമം 6(3) പ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുക്കാതിരുന്നത് വിവരാവകാശ നിയമം 6(3) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 31.12.2021-നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

9. 7.5.2021-ന് ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീൽ മൂന്നാം എതിർകക്ഷി വളരെ ലാഘവത്തോടെ കൈകാര്യം ചെയ്ത് കാലതാമസം വരുത്തി, 18.6.2021-നാണ് തീർപ്പാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ആയത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനമാണ്. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് കമ്മീഷൻ മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

10. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 17-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★